"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്ത് - 2007-08 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.6, 3.8, 3.10 എന്നിവയ്ക്കും 2008-09 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.10-നും സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.750/13/തസ്വഭവ. തിരുവനന്തപുരം,തീയതി: 23/03/2013

പരാമർശം:- 1) 24/09/2012-ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-26559/12 നമ്പർ കത്ത്.

2) 02/02/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്/പി.റ്റി3/23193/12 നമ്പർ കത്ത്.

## ഉത്തരവ്

കടന്നപ്പള്ളി -പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2007-08 ഓഡിറ്റിൽ ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയ സാംസ്കാരിക നിലയങ്ങൾക്കും വായനശാലകൾക്കും മെയിന്റനൻസ് ഫണ്ടുപയോഗിച്ച് ഫർണിച്ചർ വാങ്ങിയതിൽ ചെലവഴിച്ച 69,350/- രൂപയ്ക്ക് സാധൂകരണം നൽകണമെന്ന 09/02/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29/12(2) നമ്പർ തീരുമാനവും ഖണ്ഡിക 3.8 പ്രകാരം എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടിയുടെ ഭാഗമായി ലഘുഭക്ഷണവും ചായയും നൽകാൻ ചെലവഴിച്ച 25,200/- രൂപയ്ക്ക് സാധൂകരണം നൽകണമെന്ന 09/02/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29/12(3) നമ്പർ തീരുമാനവും ഖണ്ഡിക 3.10 പ്രകാരം മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് ചെലവഴിച്ച 31,500/-രൂപയ്ക്ക് സാധൂകരണം നൽകണമെന്ന 09/02/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29/12(4) നമ്പർ തീരുമാനവും 2008-09 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10-ൽ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് പരിശീലനത്തിനായി ചെലവഴിച്ച 30,200/- രൂപയ്ക്ക് സാധൂകരണം നൽകണമെന്ന 09/02/2012-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29/12(5) നമ്പർ തീരുമാനവും ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തോടെ പഞ്ചായത്ത് ഡയറക്ടർ, പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ ശുപാർശ ചെയ്തിട്ടുണ്ട്.

പി.ടി.ഒ

ടി വിഷയം സംബന്ധിച്ച് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്തിന്റെ മറുപടി പരിഗണിച്ചും ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശയുടെയുമടിസ്ഥാനത്തിൽ അധികം ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.6, 3.8, 3.10 എന്നിവയിൽ തടസ്സപ്പെടുത്തിയതും സർക്കാർ മാർഗ്ഗരേഖകൾ ലംഘിച്ച് ചെലവഴിച്ചതുമായ യഥാക്രമം 69,350/- രൂപ, (അറുപത്തിയൊൻപതിനായിരത്തി മുന്നൂറ്റി അമ്പത് രൂപ മാത്രം) 25,200/- രൂപ, (ഇരുപത്തിയഞ്ചായിരത്തി ഇരുന്നൂറ് രൂപ മാത്രം) 31,500/- രൂപ (മുപ്പത്തിയൊന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) എന്നിവയും 2008-09 വർഷ ഓഡിറ്റിൽ ഖണ്ഡിക 3.10 പ്രകാരം തടസ്സപ്പെടുത്തിയ 30,200/- രൂപ (മുപ്പതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം) യുടെ ചെലവും സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, കടന്നപ്പള്ളി -പാണപ്പുഴ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ